8652
15/4/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — ഇടുക്കി ജില്ല — മറയൂർ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് ശ്രീ. ജബരാജിന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.868/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 24.03.2017

==========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 12/05/2016 ലെ ഡി8-3438/14 നമ്പർ ഓഫീസ് നടപടിക്രമം

2. ശ്രീ ജബരാജിന്റെ 10/06/2016 ലെ അപ്പീലപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 30/01/2017 ലെ ഡി8-3438/14 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഹെഡ് ക്ലാർക്ക് ശ്രീ. ജബരാജിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായി എന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ 6 മാസത്തേയ്ക്ക് തടഞ്ഞ് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ തീർപ്പാക്കിയിരുന്നു. ഇതിന്മേൽ പരാമർശം (2) പ്രകാരം ശ്രീ. ജബരാജ് അപ്പീൽ അപേക്ഷ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് തനിക്ക് നേരിട്ട് ചുമതല ഒന്നും ഏൽപിച്ച് നല്കിയിരുന്നില്ലെന്നും തന്റെ ഭാഗത്തുനിന്നുണ്ടായ മനഃപൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കണമെന്നും ടിയാൻ അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചിരുന്നു. ടി അപ്പീൽ അപേക്ഷയിന്മേൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കി.

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിൽ 2012-13 സാമ്പത്തിക വർഷം പദ്ധതി ചെലവ് 60% പോലും ചെലവഴിച്ചില്ല എന്നും ഇ.എം.എസ്. ഭവന പദ്ധതി ലോൺ തിരിച്ചടവ് ചെയ്യുന്നതിൽ വീഴ്ച വരുത്തി എന്നു കാണിച്ച് അതിനുത്തരവാദികളായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. മദനമോഹൻ, ഹെഡ് ക്ലാർക്ക് ശ്രീ. പി. ജബരാജ്, സീനിയർ ക്ലർക്ക് ശ്രീ. ജെ. ടെറൻസ് എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിക്കുകയും ശ്രീ. മദനമോഹൻ 31/8/2015-ൽ സേവനത്തിൽനിന്ന് വിരമിച്ചതിനാൽ ടിയാനെതിരെയുള്ള നടപടികൾ അവസാനിപ്പിക്കുകയും ചെയ്തിരുന്നുവെന്നും ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. ജബരാജ് 2012-13 സാമ്പത്തിക വർഷത്തിലെ പദ്ധതി ചെലവുകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയെന്നും ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ചെലവ് വികസന ഫണ്ട് 56.4 % മാത്രമാണെന്നും ഇ.എം.എസ്. ഭവന പദ്ധതി ഉൾപ്പെടെയുള്ള സർക്കാർ നിർദ്ദേശ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതുമൂലം 20 ലക്ഷത്തോളം രൂപ ചെലവഴിക്കാതിരുന്നത് സെക്രട്ടറിയുടെ ഭാഗത്തുവന്ന ഗുരുതരമായ വീഴ്ചയാണെന്നും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കുറ്റപത്രം നല്കി അച്ചടക്ക നടപടികൾ ആരംഭിച്ചതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മറയൂർ ഗ്രാമപഞ്ചായത്തിൽ 2012-13 സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾ യഥോചിതം നടക്കാതെ വരികയും ട്രഷറിയിൽ യഥാസമയം ബില്ലുകൾ നല്കി തുക മാറ്റുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയും ചെയ്തുവെന്നും ഇ.എം.എസ്. വായ്പ തിരിച്ചടയ്ക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നെങ്കിലും അലോട്ട്മെന്റ് തയ്യാറാക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നല്കുകയോ ചെയ്തില്ല എന്നും ഇതുമൂലം ചെലവിനത്തിൽ 20 ലക്ഷം രൂപയുടെ കുറവുണ്ടാകുകയും നിർവ്വഹണ ഉദ്യോഗസ്ഥന് യഥാസമയം അലോട്ട്മെന്റ് നല്കാതിരിക്കുകയും നല്കിയ അലോട്ട്മെന്റ് ലെറ്ററുകൾ തന്നെ അപൂർണ്ണമായത് കാരണം ബില്ല് മാറാൻ കഴിയാത്ത സാഹചര്യം ഉണ്ടായെന്നും തടസ്സവാദമുന്നയിച്ച ബില്ലുകൾ ക്ലിയർ ചെയ്തുനൽകാൻ നടപടി സ്വീകരിച്ചില്ല എന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ചത്.

ശ്രീ. ജബരാജ് നല്കിയ അപ്പീൽ അപേക്ഷയിൽ 2012-13 സാമ്പത്തിക വർഷം മറയൂർ പഞ്ചായത്തിൽ പദ്ധതി പ്രവർത്തനം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്ലാൻ സെക്ഷന് നല്കുന്ന ഫണ്ട് റിക്വസ്റ്റുകൾ അക്കൗണ്ടന്റിന് കൈമാറി അക്കൗണ്ടന്റ് തയ്യാറാക്കുന്ന അലോട്ട്മെന്റുകൾ പ്രസിഡന്റ് ഓതറൈസ് ചെയ്ത ശേഷം സെക്രട്ടറി അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കുന്ന രീതിയാണ് അവലംബിച്ചിരുന്നതെന്നും ഇക്കാലയളവിൽ ഹെഡ് ക്ലാർക്ക് എന്ന നിലയിൽ ഓഫീസിന്റെ പൊതുഭരണം, കുടുംബശ്രീയുടെ മെമ്പർ സെക്രട്ടറി എന്ന നിലയിലുള്ള പ്രവർത്തനം, വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികളും ഫ്രണ്ട് ഓഫീസിന്റെ മേൽനോട്ടവും തുടങ്ങി വിവിധ ചുമതലകൾ ഉണ്ടായിരുന്നതിനാലാണ് ഇത്തരത്തിലുള്ള വീഴ്ച ഉണ്ടായതെന്നും തന്റെ സേവനങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് ഭരണ സമിതിയോ പൊതുജനങ്ങളോ യാതൊരുവിധ ആക്ഷേപവും ഉന്നയിച്ചിട്ടില്ലെന്നും തന്റെ ഭാഗത്തുനിന്നുണ്ടായ മനഃപൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി തുടർനടപടികൾ ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

എന്നാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചുമതലകൾ ഏൽപ്പിച്ചിരുന്നില്ലെന്നും ഓഫീസിന്റെ മേൽനോട്ട ചുമതല മാത്രമാണ് ഉണ്ടായിരുന്നതെന്നും ടിയാൻ വാദിക്കുന്നുണ്ടെങ്കിലും ഹെഡ് ക്ലാർക്ക് എന്ന നിലയിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത് ടിയാന്റെ ചുമതലയാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറയൂർ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്കായ ശ്രീ. ജബരാജ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ യാതൊരു ശ്രദ്ധയും ചെലുത്തിയില്ല എന്നും 2012-13 വർഷത്തെ പദ്ധതി പ്രവർത്തനം പരാജയപ്പെട്ടതിനും പദ്ധതി ചെലവുകൾ യഥാസമയം നിർവ്വഹിക്കുന്നതിന് അലോട്ട്മെന്റ് നല്കുന്നതിനും ഇ.എം.എസ്. ഭവന വായ്പ തിരിച്ചടവ് യഥാസമയം നിർവ്വഹിക്കാതിരുന്നതും വീഴ്ചയായി കണ്ടെത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമം, ശ്രീ. ജബരാജിന്റെ അപ്പീൽ അപേക്ഷ, അതിന്മേലുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. പദ്ധതി നിർവഹണത്തിന് പഞ്ചായത്തിലെ എല്ലാ ജീവനക്കാരുടെയും കൂട്ടായപ്രവർത്തനം ആവശ്യമാണെന്ന് സർക്കാർ വിലയിരുത്തുന്നു. ശ്രീ. ജബരാജ് അഭിപ്രായപ്പെട്ടതുപോലെ ടിയാന് പദ്ധതി നിർവ്വഹണം സംബന്ധിച്ച് നേരിട്ട് ചുമതല ഒന്നും ഏൽപിച്ച് നല്കിയിരുന്നില്ലാ എന്നുള്ള മറുപടി ന്യായികരിക്കത്തക്കതല്ല. ഹെഡ് ക്ലാർക്ക് എന്ന നിലയിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത് ടിയാന്റെ ചുമതലയായിരുന്നു. ഈ സാഹചര്യത്തിൽ ശ്രീ. ജബരാജിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി പുനഃപരിശോധിക്കേണ്ട സാഹചര്യമുണ്ടെന്ന് കാണുന്നില്ല. ആയതിനാൽ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. ജബരാജ്, ഹെഡ് ക്ലാർക്ക്, മറയൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേനെ)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
5. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.49/ഇപിബി2/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ